(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2012-ൽ നടത്തിയ സാധ്യതാപഠനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷന്റെ ആവശ്യകതയില്ലെന്ന് കണ്ടെത്തുകയുണ്ടായി. പിന്നീട് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം വീണ്ടും നടത്തിയ സാങ്കേതിക പരിശോധനയിൽ കടമ്പഴിപ്പുറം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഇല്ലെന്നും ദീർഘദൂര 11 കെ.വി. ലൈനുകളിലൂടെ ഈ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നതിനാൽ പ്രകൃതിക്ഷോഭം മൂലമായ കാരണങ്ങളാൽ വൈദ്യുതി തടസ്സങ്ങൾ പതിവാകുന്നുവെന്നും വ്യക്തമായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ടി സ്ഥലത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് , ഇതുസംബന്ധിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാനും ഇപ്പോഴത്തെ നിലയിലുള്ള ഒരു സാങ്കേതിക പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോലികൾ ആരംഭിക്കാവുന്നതാണ്.

കാസർഗോഡ് താപനിലയം ആരംഭിക്കാൻ നടപടി

50 (390) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദ്രവീകൃത ഇന്ധനം ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ താപനിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

11-2-2011-ൽ 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ദ്രവീകൃത പ്രകൃതിവാതകവും ആഭ്യന്തര വാതകവും ഉപയോഗിച്ച് താപനിലയം തുടങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നത്. പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പാരിസ്ഥിതിക ആഘാതപഠനം നടത്തുകയും ചെയ്തിരുന്നു. പദ്ധതിക്കുവേണ്ടി ടെണ്ടർ വിളിക്കുന്നതിനുള്ള ടെണ്ടർ ഡോക്കുമെന്റുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു.

ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനം കുറയുന്നതിനാൽ 12-ാം പദ്ധതിക്കാലത്ത് പുതുതായി വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾക്ക് പ്രകൃതി വാതകം അനുവദിക്കാൻ കഴിയില്ല എന്നും അതുകൊണ്ട് പുതുതായി ആഭ്യന്തര വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങരുതെന്നും കേന്ദ്ര വൈദ്യുത അതോറിറ്റി 19-3-2012-ൽ നിർദ്ദേശിച്ചിരുന്നു.

ആഭ്യന്തര പ്രകൃതി വാതകം പദ്ധതിക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ട് ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്താരാഷ്ട്ര പ്രകൃതി വാതകവില സൂചികകളിൽ പലതും പെട്രോൾ വിലയുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഡോളർ, പെട്രോൾ വില വ്യതിയാനങ്ങൾ പ്രകൃതി വാതക വിലയെ സ്വാധീനിക്കുമെന്നതിനാൽ ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകം ഉപയോഗപ്പെടുത്തിയുള്ള വൈദ്യുത ഉല്പാദനത്തിന് സന്നിശ്ചതകൾ നിലനിൽക്കുന്നു. ആഭ്യന്തര വാതകത്തിന്റെ ദൗർലഭ്യവും ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകത്തിന്റെ വിലയിലുള്ള അസ്ഥിരതയുമാണ് വാതകാധിഷ്ഠിത പദ്ധതികൾക്ക് പ്രതിബന്ധമായി നിൽക്കുന്നത്.

584/16

LIBRARY ARCHIVES Kerala Legislative Assembly